(സി) 2007-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചു. 2008-ൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു. സംസ്ഥാനത്ത് 8 ജില്ലകളിൽ ദുരന്ത നിവാരണത്തിനായി പ്രത്യേകം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു. 2010-ൽ സംസ്ഥാന ദുരന്ത നിവാരണ നയം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 2012-ൽ സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 2012-ൽ സംസ്ഥാനത്തെ പഞ്ചവത്സര പദ്ധതിയിൽ ദുരന്ത നിവാരണ അതോറിറ്റിക്കായി പ്രത്യേകം പണം വകയിരുത്തി. 2014-ൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് തിരുവനന്തപുരത്ത് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് 13, 14 ധനകാര്യ കമ്മീഷനുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡ് സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചീഫ് സെക്രട്ടറിയേയും കൺവീനറായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും അതോറിറ്റിയുടെ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്.

ഭൂകമ്പ പ്രതിരോധ നടപടികൾ

119 (T.5201) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരേന്ത്യയിലും അയൽ രാജ്യമായ നേപ്പാളിലും ദുരന്തം വിതച്ച ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ നഗരങ്ങളിൽ ഇത്തരത്തിലുള്ള പ്രകൃതി ക്ഷോഭത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിട നിർമ്മാണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അംഗങ്ങളുടെ വിശദാംശം നൽകാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് വരുന്നു.

റവന്യൂ സർവ്വേ സംബന്ധിച്ച പരാതികൾ

120 (5202) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർവ്വേ സംബന്ധമായുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) റവന്യൂ-സർവ്വേ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി 14 ജില്ലകളിലും, റവന്യൂ മന്ത്രിതന്നെ നേരിട്ട് റവന്യൂ-സർവ്വേ അദാലത്തുകൾ നടത്തി. കോടതിക്കേസുകൾ ഉൾപ്പെടാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. റവന്യൂ വകുപ്പിലേയും സർവ്വേ വകുപ്പിലേയും എല്ലാ വിഭാഗം ജീവനക്കാരേയും പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേ ഡയറക്ടർ തുടങ്ങിയ വകുപ്പ് മേധാവികളും പങ്കെടുത്തു. മേൽപ്പറഞ്ഞ അദാലത്തുകളിലായി 4,14,487 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ സർവ്വേ സംബന്ധിച്ച പരാതികൾ നിലവിൽ താലൂക്കാഫീസുകളിലെ എൽ.ആർ.എം. വിഭാഗം മുഖേന പരിഹരിച്ചു വരുന്നു. ഇതൊരു സ്ഥിരം സംവിധാനമാണ്.

(ബി) സർവ്വേ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ഉദ്യോഗസ്ഥരെ നിയോഗിച്ച് പ്രസ്തുത ജോലികൾ നിർവ്വഹിച്ചുവരുന്നു.

(സി) 31-5-2010-ലെ ജി.ഒ.(എംഎസ്.) 200/2010/റവന്യൂ. നമ്പർ ഉത്തരവ് പ്രകാരം പരാതികൾ തീർപ്പാക്കാനായി കൂടുതൽ സർവ്വേ ഉദ്യോഗസ്ഥരെ താലൂക്കാഫീസുകളിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly